**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6576** **11-07-2024 - ൽ മറുപടിയ്ക്ക്**

**പിറവം മണ്ഡലത്തിലെ എക്സൈസ് കടവ് പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിലെ എക്സൈസ് കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ പിറവം നിയോജകമണ്ഡലത്തിൽ, മൂവാറ്റുപുഴ ആറിനു കുറുകെ സ്ഥിതി ചെയ്യുന്ന പിറവം പാലത്തിൽ നിന്നും ഏകദേശം 300 മീറ്റർ മാറി സമാന്തരമായി എക്സൈസ് കടവിൽപാലം നിർമ്മിക്കുന്നതിന് ഇരു വശങ്ങളിൽ നിന്നും സ്ഥലം ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിൽ ഒരു വശത്ത് (എറണാകുളം route) നിന്നും ഏറ്റെടുക്കേണ്ട ഭൂമിയിൽ നിലം ഉൾപ്പെടുന്നുണ്ട്. കൃഷി വകുപ്പിൽ നിന്നും നിലം പരിവർത്തനാനുമതി ലഭിച്ചാൽ മാത്രമേ പ്രസ്തുത സ്ഥലം ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായി ഭൂമി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി പിറവം വില്ലേജ് ഓഫീസർക്കും, മൂവാറ്റുപുഴ തഹസിൽദാർക്കും കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അനന്തമായി നീണ്ടുപോകുന്നതുകാരണം പിറവം ടൗണിൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നിലം പരിവർത്തനാനുമതിക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി ഭൂമി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനായി പിറവം വില്ലേജ് ഓഫീസർക്കും, മുവാറ്റുപുഴ തഹസിൽദാർക്കും, കത്ത് നൽകിയിട്ടുണ്ട്. നിലം പരിവർത്തനാനുമതി ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കാനാകും. |
| (സി) | പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ